LIBRARY ARCHIVES Kerala Legislative Assembly

അക്രമ സംഭവങ്ങളിൽ ദുരിതമനുഭവിക്കുന്നവർക്ക് സാമൂഹ്യ സുരക്ഷാ പദ്ധതി

303 (1777) ശ്രീ. പി. ബി. അബ്ദുൾ റസാക് :

ശ്രീ. എം. ഉമ്മർ :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അക്രമ സംഭവങ്ങളിലും മറ്റ് അപകടങ്ങളിലുംപെട്ട് മരണമടയുന്നവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റ് ജോലി ചെയ്യാൻ കഴിയാത്തവർക്കും സാമ്പത്തിക സഹായം നല്കാൻ പദ്ധതി നിലവിലുണ്ടോ;

(ബി) അക്രമ സംഭവങ്ങളിൽ പ്രതിയായി നിയമനടപടികൾക്ക് വിധേയരാകുന്നവരുടെ കുടുംബത്തിന് ധനസഹായം നല്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ എങ്കിൽ വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ ഈ വിഭാഗങ്ങൾക്ക് വേണ്ടി ഒരു സാമൂഹ്യ സുരക്ഷാ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അക്രമസംഭവങ്ങളിലും മറ്റ് അപകടങ്ങളിലുംപെട്ട് മരണമടയുന്നവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്ന പദ്ധതി ആവിഷ്കരിച്ചിട്ടില്ല. എന്നാൽ പരിക്കേറ്റ് ജോലി ചെയ്യാൻ കഴിയാത്തവരുടെ കാര്യത്തിൽ അവർ ടി പരിക്കുമൂലം 40 ശതമാനമെങ്കിലും അംഗപരിമിതരായവരാണെങ്കിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വികലാംഗ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിൽസാ സഹായവും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന വികലാംഗ പെൻഷനും അനുവദിച്ചുവരുന്നുണ്ട്.

(ബി&സി) അക്രമസംഭവങ്ങളിൽ പ്രതിയായി നിയമനടപടികൾക്ക് വിധേയരായി ശിക്ഷ ലഭിക്കുന്നവരിൽ രണ്ടുവർഷം വരെ തടവ് ശിക്ഷ ലഭിക്കുന്നവരുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായവും 5 വർഷത്തിൽ കൂടുതൽ തടവ് ശിക്ഷ ലഭിക്കുന്നവരുടെ ആശ്രിതർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ധനസഹായവും അനുവദിക്കുന്നുണ്ട്.